**No. CEE/888/2019/3 LL.B/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

**പത്രക്കുറിപ്പ്**

**ത്രിവത്സര, ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി. കോഴ്സുകൾ –2019**
**ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച്**

2019–20 അധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ ലോ കോളേജുകളിലും സ്വാശ്രയ ലോ കോളേജുകളിലും ത്രിവത്സര എൽഎൽ.ബി., ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിൽ പ്രവേശനത്തിനുള്ള രണ്ട് ഓൺലൈൻ അലോട്ട്മെന്റുകൾക്കു ശേഷം ഒഴിവുണ്ടായിരുന്ന സീറ്റുകൾ നികത്തുന്നതിനായി ഒരു ഓൺലൈൻ മോപ്–അപ്പ് അലോട്ട്മെന്റ് നടത്തിയിരുന്നു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **26.08.2019** വൈകുന്നേരം 4 മണിയ്ക്കകം പ്രവേശനം നേടണമെന്നും അറിയിച്ചിരുന്നു. എന്നാൽ നിശ്ചിത സമയത്തിനകം വിദ്യാർത്ഥികൾ പ്രവേശനം നേടാത്തതിനാൽ ഏതാനും സീറ്റുകൾ ഒഴിവ് വന്നിട്ടുണ്ട്. ഈ ഒഴിവുകൾ **31.08.2019**–നകം സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതിന് കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുള്ള സീറ്റുകളുടെ വിശദാംശങ്ങൾ **www.cee-kerala.org**, **www.cee.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഒഴിവുള്ള സീറ്റുകളിലേക്ക് താത്പര്യമുള്ള അപേക്ഷാർത്ഥികൾ അതത് ലോ കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27.08.2019